# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2414
## (09.12.2014 ലെ മറുപടിക്ക്)

## ചേർത്തല സബ് ട്രഷറി

**ചോദ്യം**
**ശ്രീ.പി.തിലോത്തമൻ**

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മിനി സിവിൽസ്റ്റേഷൻ അനക്സിന്റെ നിർമ്മാണത്തിനുവേണ്ടി ചേർത്തല സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്ന നടപടി ഏതു ഘട്ടംവരെയായി എന്നു വ്യക്തമാക്കാമോ ; | ചേർത്തല സബ്ട്രഷറിയ്ക്കായി നിലവിലുള്ള മിനി സിവിൽസ്റ്റേഷൻ മെയിൻ കെട്ടിടത്തിൽ ട്രഷറിയ്ക്കായി കൗണ്ടർ നിർമ്മിക്കുന്നതിന് PWD-യിൽ നിന്നും 8.5 ലക്ഷത്തിന്റെ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്. പണി പൂർത്തിയാകുന്ന മുറയ്ക്ക് സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്നതും, മിനിസിവിൽ സ്റ്റേഷന് വേണ്ടി സ്ഥലം ഒഴിഞ്ഞു കൊടുക്കുന്നതുമാണ്. |
| (ബി) | ചേർത്തല സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്നതിനു സ്ട്രോങ് റൂം അടക്കമുള്ള സംവിധാനം ഒരുക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിക്കപ്പെട്ടത് എന്നു വിശദമാക്കാമോ; | 8.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | ഇതിനുവേണ്ടി പണം അനുവദിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പണം അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ? | പണം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എത്രയും വേഗം പണം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**